യേശുക്രിസ്തു ക്രൂശിൽ മരിച്ചു, മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. ഇന്നും അവൻ സ്വർഗ്ഗത്തിൽ ജീവിക്കുന്നു.

## നാം തിരിച്ചറിയേണ്ടവ

- നശ്വരനായ എന്നിൽ വളരെ വിലയുള്ള ഒരാത്മാവുണ്ട്.
- ഈ ആത്മാവ് ഒരിക്കലും ഇല്ലാതാകുന്നില്ല.
- എന്നാൽ, എന്റെ തിന്മകൾ മൂലം, മരണാനന്തരം എന്റെ ആത്മാവ് നിത്യ മരണത്തിന് (നരകം) വിധേയമാണ്.
- എന്റെ പരിശ്രമങ്ങളാൽ ആത്മരക്ഷ സാധ്യമല്ല.

കുരിശിലെ തന്റെ മരണത്തിലൂടെ യേശുക്രിസ്തു ഒരുക്കിയത് എന്റെ ആത്മ രക്ഷയ്ക്കുള്ള മാർഗമാണ്.

## നാം ചെയ്യേണ്ടത്

- ഞാൻ ഒരു പാപിയാണെന്ന് ദൈവത്തോട് തുറന്ന് സമ്മതിക്കുക.
- യേശുവിന്റെ ക്രൂശ്മരണം എന്റെ പാപങ്ങൾക്ക് വേണ്ടി ദൈവം ഒരുക്കിയ ദിവ്യ പദ്ധതിയാണെന്ന് ഞാൻ ആത്മാർത്ഥമായി അംഗീകരിക്കുന്നു.
- ആത്മരക്ഷ നൽകുവാൻ പ്രാർത്ഥിക്കുക.

അങ്ങനെ ചെയ്താൽ നിങ്ങൾക്ക്, നിങ്ങളുടെ അമൂല്യമായ പ്രാണനെ നിത്യനാശത്തിൽ നിന്ന് വീണ്ടെടുക്കാൻ സാധിക്കും. ഈ നിമിഷം തന്നെ താങ്കൾക്കത് സാധ്യമാകട്ടെ.

യേശുവിങ്കലേക്ക് വരിക. ജീവിതങ്ങൾക്ക് അർത്ഥവും സമാധാനവും നൽകുന്നവനാണ് ഈ യേശുക്രിസ്തു. ജീവിതം അനുഗ്രഹപൂർണ്ണമാക്കുക. യേശു താങ്കളെ വിളിക്കുന്നു. നിത്യജീവനിലേക്ക്, മാറ്റത്തിലേക്ക്, പുതിയ ഒരു ജീവിതത്തിലേക്ക്...

SATHGAMAYA MEDIA FOUNDATION



വെള്ളത്തിൽ വിരിഞ്ഞുവരുന്ന നീർക്കുമിളകളെ കണ്ടിട്ടില്ലേ... കണ്ണാടി പന്തുകൾ പോലെയുള്ള അവ എത്ര സുന്ദരം. പക്ഷെ ആയുസ് കേവലം നിമിഷങ്ങൾ മാത്രം.

മുറ്റത്തു വിരിയുന്ന മുല്ലപ്പൂവിന് എന്തു സുഗന്ധമാണ്. പക്ഷെ, സൂര്യൻ ഉദിച്ചുയരുന്നതോടെ അവ വാടിപ്പോകുന്നു.

പുൽത്തുമ്പിലെ മഞ്ഞുകണങ്ങൾ എത്ര മനോഹരം... പക്ഷെ, വെയിൽ തട്ടുമ്പോൾ അവയും അലിഞ്ഞുപോകുന്നു.

സത്യത്തിൽ, മനുഷ്യന്റെ ആയുസും ഇതുപോലെയല്ലേ... നൈമിഷികം... നശ്വരം... അവ എത്ര സുന്ദരമാണെങ്കിലും, നിനച്ചിരിയാത്ത നാഴികയിൽ വിരാമം കുറിക്കപ്പെടുന്നു.

ഇത്തരം ക്ഷണിക ജീവിതങ്ങൾക്ക് എന്തു വിലയാണുള്ളത്? ഇവിടുത്തെ നേട്ടങ്ങളെല്ലാം പെട്ടെന്ന് നിഷ്പ്രഭമായിത്തീരില്ലേ... പിന്നെ ഈ ജീവിതത്തിന്റെ സന്ധാരണത്തിനായി നാം കഠിനാദ്ധ്വാനം ചെയ്തിട്ടു കാര്യമുണ്ടോ?

'തിന്നുക, കുടിക്കുക, ആനന്ദിക്കുക, നാളെ നാം മരിക്കുമല്ലോ' എന്ന തത്വശാസ്ത്രമല്ലേ അഭികാമ്യം. ഈ സംശയങ്ങളെല്ലാം ശരിയാണെന്ന് നമുക്ക് തോന്നാം...

എന്നാൽ യേശുക്രിസ്തുവിന്റെ ഒരു പ്രസ്താവന ശ്രദ്ധിക്കുക: ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ അവന് എന്തു പ്രയോജനം?

ഇവിടെ യേശുക്രിസ്തു നമ്മുടെ മുമ്പിൽ ഒരു ത്രാസ് പിടിച്ചിരിക്കുകയാണ്. ഒരു തട്ടിൽ സർവ്വലോകവും അതിന്റെ പ്രതാപങ്ങളും നേട്ടങ്ങളും. മറുതട്ടിലാകട്ടെ ഒരു മനുഷ്യന്റെ ആത്മാവും. താഴേക്ക് നിൽക്കുന്ന തട്ട് മനുഷ്യപ്രാണന്റേതാണ് എന്നാണ് യേശു പ്രഖ്യാപിക്കുന്നത്. എന്നുവെച്ചാൽ മനുഷ്യാത്മാവ് സർവ്വലോകത്തെക്കാൾ വിലയേറിയതാണ് എന്ന് ചുരുക്കം.

ക്ഷണികവും നശ്വരവുമായത് മനുഷ്യന്റെ ശരീരമാണ്. അത് മണ്ണിൽ നിന്നെടുത്തത്. മണ്ണിലേക്ക് ഒടുവിൽ ലയിച്ചുതീരുകയും ചെയ്യും. എന്നാൽ ഈ മൺകൂടാരത്തിന്റെയുള്ളിൽ അഭൌതികവും അനശ്വരവുമായ ഒന്നുണ്ട്. പ്രാണൻ എന്നോ ആത്മാവ് എന്നോ അതിനെ വിളിക്കാം. അനശ്വരമായതുകൊണ്ടുതന്നെ അത് അമൂല്യവുമാണ്.

ഈ ഭൂമിയിലെ നമ്മുടെ ആയുഷ്ക്കാലത്ത് സകലത്തെയും വെട്ടിപ്പിടിക്കുവാൻ മനുഷ്യൻ ആയാസപ്പെടുകയാണ്. അതെല്ലാം ശരീരത്തിനും മനസ്സിനും വേണ്ടിമാത്രമായുള്ളതാണ്. എന്നാൽ ഇതിനിടയിൽ വിലമതിക്കാനാവാത്ത ആത്മാവിന്റെ കാര്യം നാം പലപ്പോഴും ശ്രദ്ധിക്കാതെ പോകുന്നു.

## ആത്മാവിന് എന്തു സംഭവിക്കും?

ജന്മം കൊണ്ടും കർമ്മം കൊണ്ടും മനുഷ്യൻ പാപിയാണ്. മനുഷ്യജന്മങ്ങളുടെ കിരാതമായ പ്രവർത്തനങ്ങളെപ്പറ്റി എത്രയെത്ര വാർത്തകളാണ് നാം മാധ്യമത്തിലൂടെ ദിനംതോറും വായിക്കുന്നത്. തിന്മ പ്രവർത്തിക്കുന്നത് ശരീരം കൊണ്ടാണ്, ശരിയാണ്. എങ്കിലും ആത്മാവാണ് ഇതിന്റെ പ്രേരക ശക്തി. ആത്മാവിൽ അശുദ്ധി നിറഞ്ഞിരിക്കുന്നതാണ് കാരണം.

നീർക്കുമിള പോലെയുള്ള ശരീരം പൊടിഞ്ഞു പോകുമെങ്കിലും, അനശ്വരമായ ആത്മാവ് ഈ ഭൂമിയിലെ ജീവിതശേഷം മറ്റൊരിടത്തേക്ക് പോകും. ഒന്നുകിൽ സൃഷ്ടാവായ ദൈവത്തിന്റെ അടുത്തേക്ക്. അല്ലെങ്കിൽ ദൈവത്തിൽനിന്നും എത്രയും ദൂരത്തേക്ക്.... തിന്മയും, അശുദ്ധിയും നിറഞ്ഞതായതുകൊണ്ട്, അവന്റെ പ്രാണൻ വിശുദ്ധനായ ദൈവത്തിന്റെ അടുത്തേക്ക് പോകുവാൻ കഴിയുകയില്ല. ഇരുളിന് വെളിച്ചത്തെ സമീപിക്കാനാവുകയില്ലല്ലോ. അപ്പോൾ പിന്നെ മനുഷ്യാത്മാവ് നിത്യകാലം ഇരുളിൽ തന്നെ, എന്താണൊരു പരിഹാരം?

ഇവിടെയാണ് യേശുക്രിസ്തുവിന്റെ, മേലുദ്ധരിച്ച ചോദ്യത്തിന്റെ പ്രസക്തി. ഇവിടെ വെച്ച് എന്തെല്ലാം നേടിയിട്ടെന്താ പ്രയോജനം, ആത്മാവ് നാശത്തിലേക്ക് നിപതിക്കുകയാണെങ്കിൽ...?

വേണ്ട, ആത്മാവിനെ നഷ്ടപ്പെടുത്തേണ്ട... അതിനെ നമുക്ക് നേടണം... ഈ പാപാവസ്ഥയിൽ നിന്ന് വീണ്ടെടുക്കണം.

## ദൈവം ഒരുക്കിയ വഴി

ദൈവം ഒരുക്കിയ ആത്മരക്ഷയുടെ പ്രസക്തി ഇവിടെയാണ്. പ്രാണന്റെ മോചനത്തിന് മനുഷ്യശ്രമങ്ങൾ പ്രയോജനപ്പെടാത്തതിനാൽ ദൈവം തന്നെ ഒരു വഴി ഒരുക്കുകയായിരുന്നു.

മനുഷ്യന്റെ തിന്മകളുടെ ശിക്ഷ ഏറ്റെടുക്കുവാനായി ദൈവം തന്റെ പുത്രനെ ഈ ഭൂമിയിലേക്ക് അയച്ചു. രക്ഷകനായ യേശുക്രിസ്തു, ഒരു തെറ്റും ചെയ്യാത്ത ക്രിസ്തു... പാപത്തിന്റെ ശിക്ഷയായ മരണം മനുഷ്യർക്കുവേണ്ടി ക്രൂശിൽ ഏറ്റെടുത്തു.